പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 577**

1-12-2015 ൽ മറുപടിക്ക്

**സംയുക്ത സംരംഭങ്ങളിൽ ഏർപ്പെട്ട പൊതുമേഖല സ്ഥാപനങ്ങൾ**

ചോദ്യം

**ശ്രീ.റോഷി അഗസ്റ്റിൻ**
**ശ്രീ.എം.വി.ശ്രേയാംസ് കുമാർ**
**ശ്രീ.ഡോ.എൻ. ജയരാജ്**

ഉത്തരം

ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എ) സംസ്ഥാന വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ Transformers & Electricals Kerala Ltd, , Steel Complex Ltd, Kerala Electrical & Allied Engg Co Ltd എന്നീ സ്ഥാപനങ്ങളാണ് യഥാക്രമം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ NTPC, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ്, ഭാരത് ഹെവി ഇലക്ട്രിക്കത്സ് ലിമിറ്റഡ് എന്നിവയുമായി സംയുക്ത സംരംഭത്തിലേർപ്പെട്ടത്.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുൾപ്പെടെ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മാസംതോറും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രത്യേക അവലോകന നിരീക്ഷണ സംവിധാനം പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് (റിയാബ്) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും സ്ഥാപനത്തിൻെറ പ്രവർത്തന പുരോഗതിയും സർക്കാർ തലത്തിൽ അവലോകനം നടത്തി ആവശ്യമായ

മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

| | | | |
|---|---|---|---|
| (സി) | സംയുക്ത സംരംഭങ്ങളിൽ ഏർപ്പെട്ടതുകൊണ്ട് സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾക്ക് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | സംയുക്ത സംരംഭങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

- ***TELK-NTPC യുമായി ചേർന്നുള്ള*** സംയുക്ത സംരംഭത്തിൻെറ ആദ്യഘട്ടത്തിൽ മികച്ച പ്രവർത്തനം കാഴ്ച്ചവെച്ചിരുന്ന കമ്പനിയ്ക്ക് തുടർന്നുള്ള വർഷങ്ങളിൽ പ്രവർത്തന മികവ് നേടാൻ സാധിച്ചിട്ടില്ല. സംയുക്ത സംരംഭ കരാർ പ്രകാരം ലക്ഷ്യമിട്ടിരുന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടപ്പാക്കാത്തതാണ് കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചത്. കമ്പനിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സർക്കാരിൻെറയും NTPC യുടെയും ബാങ്കിൻെറയും സാമ്പത്തിക സഹായത്തോടെ 25 കോടിരൂപയുടെ ആധുനികവത്ക്കരണ പദ്ധതി സർക്കാരിൻെറ സജീവ പരിഗണനയിലാണ്.

- ***സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരംഭ***ത്തിൻെറ [SAIL-SCL Kerala Ltd] ഭാഗമായി നടപ്പാക്കേണ്ടിയിരുന്ന *സ്റ്റീൽ* റോളിംഗ് മിൽ സ്ഥാപിക്കുന്നതിനുണ്ടായ കാലതാമസം കമ്പനിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. മേഖലയിലുണ്ടായ മാന്ദ്യം മൂലം ഉൽപ്പാദനച്ചെലവിനാനുപാതികമായി വില ലഭിക്കാത്തത് കൊണ്ടുള്ള നഷ്ടം മൂലം ഉൽപ്പാദനം താൽക്കാലികമായി നിർത്തിവെച്ചതും കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ, സെയിൽ, കാനറാബാങ്ക് എന്നിവയുടെ സാമ്പത്തിക സഹായത്തോടുകൂടി 65 കോടിരൂപയുടെ സ്റ്റീൽ റോളിംഗ് മിൽ പദ്ധതി പൂർത്തിയായിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

- ***KEL BHEL യുമായി ചേർന്നുള്ള സംയുക്തസംരംഭം /***BHEL Electrical Machines Ltd- ഭെല്ലും കെല്ലിൻെറ കാസർഗോഡ് യൂണിറ്റുമായി ചേർന്നുള്ള സംയുക്ത സംരംഭവും കരാർ പ്രകാരമുള്ള വികസന പദ്ധതികൾ പൂർണ്ണതോതിൽ നടപ്പാക്കാത്തതിനാൽ വിഭാവനം ചെയ്തിരുന്ന നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

Hanu

സെക്ഷൻ ഓഫീസർ